23
2026
സെപ്റ്റംബർ
ബുധൻ
കന്നി 07

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 183 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-183 | പേജ് 4. വില 2.00 രൂപ




02 വാഹന മോഡിഫിക്കേഷൻ; വിമർശനം തുടർന്ന് ഹൈക്കോടതി

03 ഡൽഹിയിൽ വീണ്ടും കൂട്ടബലാത്സംഗം: പതിനേഴുകാരിയെ പീഡിപ്പിച്ചു; ഒരാൾ പിടിയിൽ

04 ആശുപത്രിയിൽ തീപിടിത്തം; എസി പൊട്ടിത്തെറിച്ച് രണ്ട് നവജാത ശിശുക്കൾ മരിച്ചു

# ലോക മാരിടൈം ദിനാഘോഷം കൊച്ചിയിൽ 24 ന്

## സമാപന സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ലോക മാരിടൈം ദിനാഘോഷം സെപ്റ്റംബർ 24 വ്യാഴാഴ്ച കൊച്ചിയിൽ നടക്കും. ലെ മെറിഡിയനിൽ വൈകിട്ട് 6 ന് നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. സർക്കാർ പ്രഖ്യാപിച്ച ഇന്റർനാഷണൽ മാരിടൈം മ്യൂസിയം ആൻഡ് ഓഷ്യനേറിയം പദ്ധതിയുടെ സമീപനരേഖയുടെയും ലോഗോയുടെയും പ്രകാശനം മുഖ്യമന്ത്രി നിർവഹിക്കും.



കേരള മാരിടൈം ബോർഡ്, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി. പുരാവസ്തു-ഫിഷറീസ് വകുപ്പുകളും കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചും പരിപാടിയിൽ പങ്കാളികളാകും.

മത്സ്യബന്ധന, സാമൂഹികനീതി വകുപ്പ് മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ അധ്യക്ഷനാകുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, ഹൈബി ഈഡൻ എം.പി, തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. കേൽക്കർ, കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജെറോമിക് ജോർജ്, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ, നാവികസേന-കോസ്റ്റ് ഗാർഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

രാവിലെ 8 ന് ആരംഭിക്കുന്ന ദിനാഘോഷ പരിപാടിയിൽ കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. ബിജുകുമാർ മാരിടൈം എക്സിബിഷനും ഹെറിറ്റേജ് മ്യൂസിയം ഏരിയയും ഉദ്ഘാടനം ചെയ്യും. പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്ന

എക്സിബിഷനിൽ റോമൻ കാലഘട്ടം മുതലുള്ള സമുദ്രവ്യാപാര ചരിത്രം, പട്ടണം ഖനന വസ്തുക്കൾ, മ്യൂസിയം-ഓഷ്യനേറിയം ആശയങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ഏഴ് പ്രത്യേക സോണുകൾ ഉണ്ടാകും. മാരിടൈം ഈസ് മൈ ഫ്യൂച്ചർ, മാരിടൈം ഹെറിറ്റേജ് ആൻഡ് ദ മ്യൂസിയം, ബ്ലൂ ഇക്കോണമി, ഓഷ്യനേറിയം ആൻഡ് ഹോളിസ്റ്റിക് ടൂറിസം വിഷയങ്ങളിൽ വിദഗ്ധരുടെ നേതൃത്വത്തിൽ ചർച്ചകൾ നടക്കും.

## മാസപ്പടി കേസ്; സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു

തിരുവനന്തപുരം: മാസപ്പടി കേസിൽ ഇഡിയുടെ ശിപാർശ പ്രകാരം സർക്കാർ അന്വേഷണം പ്രഖ്യാപിച്ചു. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മകൾ വീണ, മുൻ മന്ത്രി പി.എ. മുഹമ്മദ് റിയാസ് എന്നിവർക്കെതിരെയാണ് ക്രൈംബ്രാഞ്ച് അന്വേഷണം.

ക്രൈംബ്രാഞ്ച് എഡിജിപിയുടെ നേതൃത്വത്തിൽ എസ്ഐടി രൂപീകരിച്ചാണ് അന്വേഷണം നടക്കുക. മൂവർക്കുമെതിരെ പ്രാഥമിക അന്വേഷണവും രജിസ്റ്റർ ചെയ്തു. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയും മുഖ്യമന്ത്രി വി.ഡി.സതീശനും കൂടിക്കാഴ്ച നടത്തിയശേഷമാണ് സർക്കാർ അന്വേഷണം പ്രഖ്യാപിച്ചത്. നേരത്തെ സിഎംആർഎൽ എക്സാലോജിക് ഇടപാടുമായി ബന്ധപ്പെട്ട് ഇഡി സംസ്ഥാന പൊലിസ് മേധാവിക്ക് റിപ്പോർട്ട് നൽകിയിരുന്നു. അഴിമതി നിരോധ നിയമപ്രകാരം അന്വേഷണം വേണമെന്നായിരുന്നു ആവശ്യം. ഹവാല ഇടപാടുമായി ബന്ധപ്പെട്ട ഗുരുതരമായ ആരോപണമടക്കം റിപ്പോർട്ടിലുണ്ടായിരുന്നു.

ഇതിൻറെ അടിസ്ഥാനത്തിൽ സർക്കാർ നിയമോപദേശം തേടിയിരുന്നു. അന്വേഷണം ആകാമെന്നാണ് എജി നിയമോപദേശം നൽകിയത്. തുടർന്നാണ് മുഖ്യമന്ത്രി ആഭ്യന്ത്രമന്ത്രിയും ചർച്ച നടത്തി അന്വേഷണം പ്രഖ്യാപിച്ചത്.

സംസ്ഥാന പൊലിസ് മേധാവി റവാഡ ചന്ദ്രശേഖർ, ക്രൈംബ്രാഞ്ച് മേധാവി എച്ച്. വെങ്കിടേഷ് എന്നിവരെ ആഭ്യന്തരമന്ത്രി വിളിച്ചുവരുത്തിയിരുന്നു. കേസിലെ അന്വേഷണം ഏത് രീതിയിലാണ് മുന്നോട്ട് കൊണ്ടുപോകേണ്ടതെന്ന് സംസ്ഥാന പൊലിസ് മേധാവി തീരുമാനിക്കും. ഹവാലാ ഇടപാടുകൾ ഉൾപ്പെടെ അന്വേഷിക്കേണ്ടതുള്ളതിനാൽ വിജിലൻസ് എടിഎസ് ഉൾപ്പെടെയുള്ള ഏജൻസികളുടെ പരിശോധനയും വേണ്ടി വന്നേക്കാം.

## ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്; കുറ്റപത്രം ഉടൻ സമർപ്പിക്കും

തിരുവനന്തപുരം: പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീട്ടിൽ പരിശോധനയ്ക്കെത്തിയ ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച കേസിലെ കുറ്റപത്രം ഉടൻ സമർപ്പിക്കും. കേസിൽ ഉൾപ്പെട്ട 28 പ്രതികളിൽ 27 പേർക്കെതിരെയാണ് ആദ്യഘട്ട കുറ്റപത്രം തയാറാക്കിയിരിക്കുന്നത്.

നിയമോപദേശം ലഭിച്ചാലുടൻ ഇത് കോടതിയിൽ സമർപ്പിക്കും. വീണാ വിജയനുമായി ബന്ധപ്പെട്ട മാസപ്പടി കേസിൽ റെയ്ഡിനെത്തിയ ഉദര്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തുകയും വാഹനങ്ങൾ തടഞ്ഞുനിർത്തി ആക്രമിക്കുകയും ചെയ്തുവെന്നാണ് കേസ്. സംഭവത്തിനുശേഷം ഒളിവിൽ കഴിയുന്ന സിപിഎം പ്രവർത്തകൻ പാളയം സന്തോഷിനെ തൽക്കാലം ഒഴിവാക്കിയാണ് കുറ്റപത്രം നൽകുക. ഗൂഢാലോചനയിൽ കൂടുതൽ തെളിവുകൾ ലഭിക്കുന്ന മുറയ്ക്ക് ഇയാൾക്കെതിരെ രണ്ടാം കുറ്റപത്രം സമർപ്പിക്കാനാണ് അന്വേഷണ സംഘത്തിൻറെ തീരുമാനം.

## വനിതാ പൊലിസ് ബറ്റാലിയനിൽ പുതിയ പദ്ധതികളുടെ ഉദ്ഘാടനം ബുധനാഴ്ച

തിരുവനന്തപുരം: കേരള ആംഡ് വുമൺ പൊലിസ് ബറ്റാലിയനിലെ വിവിധ വികസന-ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം ബുധനാഴ്ച രാവിലെ 11-ന് തിരുവനന്തപുരം മേനംകുളത്തുള്ള ബറ്റാലിയൻ ആസ്ഥാനത്ത് നടക്കും. സംസ്ഥാന പൊലിസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ ഉദ്ഘാടനം നിർവഹിക്കും. സ്വയംരക്ഷാ പരിശീലന കേന്ദ്രമായ ശക്തി ഹാൾ, സ്മാർട്ട് ക്ലാസ് റൂം, കൗൺസലിങ് സെന്ററായ അഭയ ക്ലിനിക്, ബർത്ത് ഡേ ട്രീ പദ്ധതി, മികച്ച സേവനം കാഴ്ചവയ്ക്കുന്ന സേനാംഗങ്ങളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തുന്ന വീരാംഗന വാൾ, പുതിയ കെ. എ. ഡബ്ല്യു. പി. ബറ്റാലിയൻ വെബ്സൈറ്റ് എന്നിവയുടെ ഉദ്ഘാടനവും ബറ്റാലിയൻറെ പുതിയ ടി-ഷർട്ടിൻറെ പ്രകാശനവും ചടങ്ങിൽ നടക്കും.

യംഗ് ഇന്ത്യ സ്വയംരക്ഷാ പരിശീലകരെയും ഹാറ്റ്സിന്റെ കൗൺസലിങ് സംഘത്തെയും ചടങ്ങിൽ ആദരിക്കും. കൂടാതെ സ്വയംരക്ഷാ പരിശീലന പ്രദർശനവും ബർത്ത്ഡേ ട്രീ നട്ടുപിടിപ്പിക്കലും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ആംഡ് പൊലീസ് ബറ്റാലിയൻ എഡിജിപി ബൽറാം കുമാർ ഉപാധ്യായ, തിരുവനന്തപുരം റേഞ്ച് ഡി. ഐ. ജിയും ബറ്റാലിയൻ ഡിഐജിയുടെ അധിക ചുമതലയുമുള്ള ഡോ. ജെ. ഹിമേന്ദ്രനാഥ്, കേരള ആംഡ് പൊലീസ് ബറ്റാലിയൻ ആസ്ഥാന കമ്മാണ്ടൻറ് കെ. ഇ. ബൈജു തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. ചടങ്ങിന് വനിതാ ബറ്റാലിയൻ കമാൻഡൻറ് അഞ്ജലി ഭാവന സ്വാഗതം ആശംസിക്കും.

## ജാമുയി ആക്രമണം; മുഖ്യപ്രതിയെ ഏറ്റുമുട്ടിലിലൂടെ കീഴടക്കി പൊലിസ്

പാറ്റ്ന: ബിഹാറിലെ ജാമുയിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെ ആക്രമിക്കുകയും ലൈംഗികാതിക്രമത്തിന് ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ മുഖ്യപ്രതി പിടിയിൽ. അക്രമിസംഘത്തിലെ മുഖ്യപ്രതി നന്ദൻ യാദവ് ആണ് പിടിയിലായത്. നന്ദൻ യാദവിനെ ഏറ്റുമുട്ടിലിലൂടെയാണ് ചൊവ്വാഴ്ച പൊലിസ് പിടികൂടിയത്. ഏറ്റുമുട്ടലിൽ ഇയാളുടെ കാലിന് വെടിയേറ്റിട്ടുണ്ട്. ഒളിവിൽ കഴിയുകയായിരുന്ന ഹരേറാം യാദവിനും കാലിന് പരിക്കേറ്റിട്ടുണ്ട്. കേസിൽ അന്വേഷണം തുടരുകയാണ്. സെപ്റ്റംബർ 19ന് ആയിരുന്നു കേസിന് ആസ്പദമായ സംഭവം. കോച്ചിംഗ് ക്ലാസ് കഴിഞ്ഞ് മടങ്ങുകയായിരുന്ന പ്രായപൂർത്തിയാകാത്ത ആൺകുട്ടിയെയും പെൺകുട്ടിയെയും ജാമുയിൽ വച്ച് ഒരു സംഘം അക്രമികൾ വഴിയിൽ തടഞ്ഞ് ഉപദ്രവിക്കുകയായിരുന്നു. സംഭവത്തിൻറെ ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചിരുന്നു.

## ഡൽഹി കലാപ കേസ്; ഷർജീൽ ഇമാമിന് ഇടക്കാല ജാമ്യം

ന്യൂഡൽഹി: ഡൽഹി കലാപവുമായി ബന്ധപ്പെട്ട ഗൂഢാലോചന കേസിൽ വിദ്യാർഥി പ്രവർത്തകൻ ഷർജീൽ ഇമാമിന് ഇടക്കാല ജാമ്യം. ഡൽഹി കോടതിയാണ് ജാമ്യം അനുവദിച്ചത്. ബന്ധുക്കളുടെ വിവാഹച്ചടങ്ങുകളിൽ പങ്കെടുക്കാനാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ഒക്ടോബർ നാല് മുതൽ ഒക്ടോബർ 10 വരെ ഒരാഴ്ചത്തെ ജാമ്യമാണ് കോടതി അനുവദിച്ചത്. നേരത്തെ മാർച്ച് മാസത്തിലും സഹോദരൻറെ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി ഷർജീൽ ഇമാമിന് 10 ദിവസത്തെ ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.

## നിയമത്തിന് മുന്നിൽ എല്ലാവരും തുല്യർ; തച്ചങ്കരി ജയിലിൽ തുടരും, ഹർജി മാറ്റി

കൊച്ചി: അനധികൃത സ്വത്ത് സമ്പാദന കേസിൽ ശിക്ഷ മരവിപ്പിക്കണമെന്ന മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരിയുടെ ഹർജി ഹൈക്കോടതി വ്യാഴാഴ്ച പരിഗണിക്കാനായി മാറ്റി. ഹർജിയിൽ മറുപടി രേഖാമൂലം സമർപ്പിക്കാനായി സർക്കാർ സാവകാശം തേടിയതോടെയാണ് കേസ് വ്യാഴാഴ്ച പരിഗണിക്കാനായി മാറ്റിയത്.

ജസ്റ്റിസ് എ. ബദറുദ്ദീൻറെ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണെന്നും ഡിജിപിമാർക്കും മുഖ്യമന്ത്രിമാർക്കും ചീഫ് സെക്രട്ടറിമാർക്കും നിയമപുസ്തകത്തിൽ യാതൊരുവിധ വിവേചനവുമില്ലെന്ന് കോടതി ഓർമിപ്പിച്ചു.

ശിക്ഷ മരവിപ്പിക്കണമെന്ന തച്ചങ്കരിയുടെ ആവശ്യത്തെ സർക്കാർ ശക്തമായി എതിർത്തു. ശിക്ഷ വിധിച്ച വിചാരണ കോടതിയുടെ കണ്ടെത്തൽ തെറ്റാണെന്നായിരുന്നു തച്ചങ്കരിയുടെ വാദം. എന്നാൽ ഗുരുതര കുറ്റകൃത്യം നടന്നതായി വിചാരണ കോടതി കണ്ടെത്തിയെന്നും ശിക്ഷ മരവിപ്പിക്കരുതെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. കോട്ടയം വിജിലൻസ് കോടതിയാണ് തച്ചങ്കരിക്ക് നാല് വർഷം കഠിന തടവും മുപ്പത് ലക്ഷത്തിലധികം രൂപ പിഴയും വിധിച്ചത്.

2003 ജനുവരി ഒന്ന് മുതൽ 2007 ജൂലായ് ഏഴ് വരെയുള്ള കാലയളവിൽ വരവിൽ കവിഞ്ഞ 64 ലക്ഷം രൂപയുടെ സ്വത്ത് സമ്പാദിച്ചുവെന്നാണ് കേസ്.എന്നാൽ തൻറെ കുടുംബസ്വത്ത്, ലഭിക്കുന്ന വാടക വിവരങ്ങൾ, വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുന്നതിൽ വിജിലൻസ് കോടതിക്ക് പിഴവ് സംഭവിച്ചിട്ടുണ്ട്. ഇതിൽ വിശദമായ വാദം കേട്ട് ശിക്ഷ റദ്ദാക്കണം, അതുവരെ ഇടക്കാല ജാമ്യം നൽകണമെന്നായിരുന്നു തച്ചങ്കരിയുടെ ആവശ്യം.

## ആശങ്ക വേണ്ട, ഇന്ത്യൻ തീരങ്ങളിലെ ചൂര സുരക്ഷിതമെന്ന് സിഎംഎഫ്ആർഐ

കൊച്ചി: ബ്രസീലിലെ ചൂര മീനിൽ വിരകൾ കണ്ടെത്തിയെന്ന വാർത്തകളുടെ പേരിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ തീരങ്ങളിൽ ലഭിക്കുന്ന ചൂര സുരക്ഷിതമാണെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).



ഇന്ത്യയിൽ പിടിക്കപ്പെടുന്ന ചൂമീനുകളിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന വിധത്തിലുള്ള വിരകളുടെ ഭീഷണിയില്ലെന്നും ഇവ ഭക്ഷണത്തിൽ ഉൾപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.മത്സ്യ ജീവശാസ്ത്ര പഠനങ്ങളുടെ ഭാഗമായി ഇന്ത്യൻ തീരങ്ങളിൽ ലഭ്യമായ ചൂര ഉൾപ്പെടെയുള്ള മത്സ്യങ്ങളെ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ കൃത്യമായി നിരീക്ഷിക്കാറുണ്ടെന്നും എന്നാൽ ഇവയിൽ മനുഷ്യർക്ക് ഹാനികരമാകുന്ന തരത്തിലുള്ള ജീവികളുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ലെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

കടലിലെ പാരിസ്ഥിതിക സാഹചര്യങ്ങൾ, മറ്റ് ജീവികളുടെ സാന്നിധ്യം എന്നിവയെ ആശ്രയിച്ചാണ് ഓരോ പ്രദേശത്തെയും മത്സ്യങ്ങളിൽ പരാദ ജീവികളുടെ സാന്നിധ്യം കാണപ്പെടുന്നത്. ഇന്ത്യൻ സമുദ്രമേഖലയിൽ അത്തരം സാഹചര്യമില്ല. കഴുകി ശുചിയാക്കി കുടലും മറ്റ് ആന്തരികാവയവങ്ങളും ഒഴിവാക്കി വേവിച്ചു കഴിക്കുന്നതിനാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കില്ല.

ശരിയായ രീതിയിൽ വൃത്തിയാക്കി വേവിച്ച് ഉപയോഗിച്ചാൽ മത്സ്യത്തിന്റെ പോഷകഗുണങ്ങൾ സുരക്ഷിതമായി പ്രയോജനപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.



# യുഎസ് സൈനിക സമ്മർദം അവസാനിപ്പിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ ഹോർമുസ് തുറക്കാം; ന്യൂയോർക്കിലെ യുഎൻ സമ്മേളനത്തിനിടെ ചർച്ചയാകാമെന്നും ഇറാൻ

ടെഹ്റാൻ: അമേരിക്ക സൈനിക സമ്മർദം അവസാനിപ്പിച്ച് നാവിക ഉപരോധം പിൻവലിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ ഹോർമുസ് കടലിടുക്ക് തുറക്കുമെന്ന് ഇറാൻ. മുതിർന്ന ഇറേനിയൻ ഉദ്യോഗസ്ഥനാണ് ഇക്കാര്യം അറിയിച്ചതെന്ന് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

ഇറാനുമായുള്ള പ്രശ്നങ്ങൾ നയതന്ത്രതലത്തിൽ പരിഹരിക്കാൻ അഗ്രഹിക്കുന്നുവെന്ന് അമേരിക്ക ഔദ്യോഗികമായി പ്രഖ്യാപിക്കണം. തുടർന്ന് പ്രശ്നപരിഹാരത്തിന് സമയക്രമം നിശ്ചയിക്കണമെന്നും ഇറേനിയൻ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. യുദ്ധം അവസാനിപ്പിക്കുന്നതിൽ ഇറാൻറെ നിർദേശങ്ങൾ സെപ്റ്റംബർ 16ന് മധ്യസ്ഥർ വഴി അമേരിക്കയ്ക്കു കൈമാറിയിട്ടുണ്ട്. ഇതിൻറെ വിശദാംശങ്ങൾ ന്യൂയോർക്കിലെ യുഎൻ പൊതുസഭാ സമ്മേളനത്തിനിടെ മധ്യസ്ഥർ മുഖാന്തിരം ഇറാനും അമേരിക്കയ്ക്കും ചർച്ച ചെയ്യാവുന്നതാണെന്ന് ഉദ്യോഗസനഥൻ ചൂണ്ടിക്കാട്ടി. ന്യൂയോർക്കിലെ യുഎൻ പൊതുസഭാ സമ്മേളനത്തിൽ പങ്കെടുക്കാൻ അയച്ച ഇറാൻ പ്രതിനിധി സംഘത്തിന് അമേരിക്കയുമായുള്ള നയതന്ത്രചർച്ചകളിൽ തീരുമാനം എടുക്കാൻ അനുമതി നല്കിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥൻ കൂട്ടിച്ചേർത്തു. ഇറാൻ പ്രസിഡൻറ് മസൂദ് പസെഷ്കിയാൻ യുഎൻ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. അദ്ദേഹം അമേരിക്കൻ പ്രസിഡൻറ് ട്രംപുമായി കൂടിക്കാഴ്ച നടത്തില്ലെന്നാണ് അറിയിപ്പ്.

# അവസാന പന്തുവരെ പോരാട്ടം; ജപ്പാനെതിരെ ഇന്ത്യക്ക് രണ്ട് റൺസിൻെറ ആവേശ ജയം

ടോക്കിയോ: ജാപ്പനിലെ സാനോ ഇൻറർനാഷണൽ ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന ചരിത്രപരമായ അന്താരാഷ്ട്ര ടി20 പോരാട്ടത്തിൽ ജപ്പാനെതിരേ ഇന്ത്യക്ക് രണ്ട് റൺസിൻറെ ആവേശ ജയം. മഴ മൂലം മൂന്ന് മണിക്കൂറോളം വൈകി ആരംഭിച്ച മത്സരം അഞ്ച് ഓവറുകളായി വെട്ടിച്ചുരുക്കുകയായിരുന്നു.

ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത അഞ്ച് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 32 റൺസ് നേടി. ഓപ്പണർ അഭിഷേക് ശർമ്മ റണ്ണൊന്നുമെടുക്കാതെ തുടക്കത്തിലേ പുറത്തായെങ്കിലും മലയാളി താരം സഞ്ജു സാംസൺ (7 പന്തിൽ 9), നായകൻ ശ്രേയസ് അയ്യർ (12 പന്തിൽ 16), ഇഷാൻ കിഷൻ (6 പന്തിൽ 3), തിലക് വർമ്മ (3 പന്തിൽ 1) എന്നിവരുടെ പ്രകടനമാണ് ഇന്ത്യയെ ഭേദപ്പെട്ട സ്കോറിലെത്തിച്ചത്. ജപ്പാന് വേണ്ടി രണ്ട് ഓവറിൽ 17 റൺസ് വഴങ്ങി രണ്ട് വിക്കറ്റ് വീഴ്ത്തിയ ചാൾസ് ഹിൻസെ മികച്ച കളിയാണ് പുറത്തെടുത്തത്.

33 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിനിറങ്ങിയ ജപ്പാൻ ശക്തമായ പോരാട്ടമാണ് കാഴ്ചവെച്ചത്. ക്യാപ്റ്റൻ കെൻഡെൽ കഡോവാകി ഫ്ലെമിങ് 12 പന്തിൽ 12 റൺസും ബെഞ്ചമിൻ ഇറ്റോ ഡേവിസ് എട്ട് പന്തിൽ ഒമ്പത് റൺസും നേടി പൊരുതിയെങ്കിലും അഞ്ച് ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 30 റൺസെടുക്കാനേ സാധിച്ചുള്ളൂ. ഇന്ത്യക്കായി രണ്ട് ഓവറിൽ 13 റൺസ് മാത്രം വഴങ്ങി രണ്ട് വിക്കറ്റ് വീഴ്ത്തിയ വാഷിംഗ്ടൺ സുന്ദർ ബൗളിങ്ങിൽ നിർണ്ണായക പങ്കുവഹിച്ചു.

ഇന്ത്യയും ജപ്പാനും തമ്മിലുള്ള നയതന്ത്ര ബന്ധത്തിൻറെ 75ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായാണ് ഈ സവിശേഷ മത്സരം സംഘടിപ്പിച്ചത്. കരുത്തരായ ഇന്ത്യൻ ടീമിനെതിരെ അവസാന പന്തുവരെ പോരാടി തോൽവി വഴങ്ങിയ ജപ്പാൻറെ പ്രകടനം ക്രിക്കറ്റ് ലോകത്തിൻറെ വലിയ പ്രശംസ നേടി.

# ഒഴുക്കിൽപെട്ട ആനക്കുട്ടിയെ രക്ഷപ്പെടുത്തി മത്സ്യത്തൊഴിലാളികൾ

കോൽക്കത്ത: പശ്ചിമ ബംഗാളിലെ ടീസ്റ്റ നദിയിൽ ഒഴുക്കിൽപെട്ട ആനക്കുട്ടിയെ മത്സ്യത്തൊഴിലാളികൾ രക്ഷിച്ചു. മൂന്ന് കിലോമീറ്ററോളം നദിയിലൂടെ ബോട്ടുമായി പിന്തുടർന്നാണ് മത്സ്യത്തൊഴിലാളികൾ ആനക്കുട്ടിയെ രക്ഷപ്പെടുത്തിയത്. മീൻപിടിക്കുന്നതിനിടെയാണ് ഒഴുക്കിൽപെട്ട ആനക്കുട്ടി നീന്തിക്കയറാൻ പാടുപെടുന്നത് മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻ തന്നെ മത്സ്യത്തൊഴിലാളികൾ സ്വന്തം സുരക്ഷ നോക്കാതെ ബോട്ട് അങ്ങോട്ട് തിരിക്കുകയായിരുന്നു. ശക്തമായ അടിയൊഴുക്ക് വകവയ്ക്കാതെ മൂന്ന് കിലോമീറ്ററോളം ആനക്കുട്ടിയെ പിന്തുടർന്ന് സുരക്ഷിതമായി കരയിലെത്തിച്ചു. കരയിലെത്തിച്ച ശേഷം മത്സ്യത്തൊഴിലാളികൾ ആനക്കുട്ടിയെ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കൈമാറി.

# അഭിമന്യു വധക്കേസ്: രഹസ്യവിചാരണയില്ല, പ്രതികളുടെ ആവശ്യം തള്ളി

കൊച്ചി: അഭിമന്യു വധക്കേസിൽ രഹസ്യവിചാരണ ആവശ്യപ്പെട്ട് പ്രതികൾ നൽകിയ അപേക്ഷ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി തള്ളി. ഒന്നു മുതൽ 16 വരെയുള്ള പ്രതികളാണ് അടച്ചിട്ട കോടതിയിൽ വിചാരണ വേണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ചത്. മാധ്യമപ്രവർത്തകരുടെയും ജനങ്ങളുടെയും കോടതി പ്രവേശനം നിയന്ത്രിക്കണമെന്നും തങ്ങളുടെ ചിത്രങ്ങൾ പകർത്തി പ്രചരിപ്പിക്കുന്നത് തടയണമെന്നുമാണ് പ്രതികൾ ആവശ്യമുന്നയിച്ചത്. പരസ്യവിചാരണ ഭാവി ജീവിതത്തെ ബാധിക്കുമെന്നും സാക്ഷിമൊഴികൾ സ്വാധീനിക്കപ്പെടാൻ സാധ്യതയുണ്ട് എന്നായിരുന്നു പ്രതിഭാഗത്തിൻറെ വാദം. മഹാരാജാസ് കോളജിന് സമീപത്താണ് വിചാരണ നടക്കുന്ന കോടതി. കോളജ് വിദ്യാർഥികളെ കോടതി പരിസരത്ത് കൂട്ടം കൂടാൻ അനുവദിക്കരുതെന്ന ആവശ്യവും ഉന്നയിച്ചിരുന്നു. എന്നാൽ രഹസ്യവിചാരണ ഒരു തരത്തിലും അനുവദിക്കരുതെന്ന് പ്രോസിക്യൂഷൻ വാദിച്ചു. രഹസ്യ വിചാരണ നടത്തേണ്ട അസാധരണ സാഹചര്യമില്ലെന്നും പ്രോസിക്യൂഷൻ വ്യക്തമാക്കി.

പ്രോസിക്യൂഷൻറെ നിലപാട് അംഗീകരിച്ചു കൊണ്ടാണ് കോടതി പ്രതികളുടെ അപേക്ഷ തള്ളിയത്. ഒക്ടോബർ 15 മുതൽ സാക്ഷി വിസ്താരം ആരംഭിച്ച് 17 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ കോടതി നിർദേശിച്ചിരുന്നു. അഭിമന്യു കൊല്ലപ്പെട്ട് എട്ടു വർഷം കഴിഞ്ഞിട്ടും വിചാരണ പൂർത്തിയാക്കാത്തതിൽ ഹൈക്കോടതി വിമർശിച്ചിരുന്നു. നാലു മാസത്തിനകം വിചാരണ പൂർത്തിയാക്കാനാണ് ഹൈക്കോടതി നിർദേശിച്ചത്.

# വന്യജീവി വാരാഘോഷം: വിദ്യാർഥികൾക്കായി മത്സരങ്ങൾ ഒക്ടോബർ 2, 3ന്

വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾക്കായി ജില്ലാതല മത്സരങ്ങൾ ഒക്ടോബർ 2, 3 തീയതികളിൽ പി.ടി.പി നഗറിലെ രാജീവ് ഗാന്ധി നഗർ സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിലെ ജില്ലാ വന വിജ്ഞാന വ്യാപന കേന്ദ്രത്തിൽ നടക്കും. എൽ.പി, യു.പി വിഭാഗങ്ങളിൽ പ്രകൃതി, വന്യജീവി വിഷയങ്ങളിൽ പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് മത്സരങ്ങളും ഹൈസ്കൂൾ, ഹയർസെക്കൻഡറി, കോളേജ് വിഭാഗങ്ങളിൽ ക്വിസ്, മലയാളം ഉപന്യാസം, പ്രസംഗം, പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ പെയിന്റിംഗ് മത്സരങ്ങളുമാണ് സംഘടിപ്പിക്കുന്നത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് മാത്രമാണ് പങ്കെടുക്കാനാകുക. ഓരോ വിഭാഗത്തിലും ഓരോ ഇനത്തിന് പരമാവധി രണ്ട് വിദ്യാർഥികൾക്ക് പങ്കെടുക്കാം. ക്വിസിൽ രണ്ടുപേരടങ്ങിയ ടീമിനോ ഒരാൾക്കോ പങ്കെടുക്കാം. മത്സരാർഥികൾ സ്കൂൾ/കോളേജ് മേധാവിയുടെ സാക്ഷ്യപത്രവുമായി മത്സരത്തിന് അരമണിക്കൂർ മുമ്പ് രജിസ്റ്റർ ചെയ്യണം. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർ സംസ്ഥാനതല മത്സരത്തിലേക്ക് യോഗ്യത നേടും. പൊതുജനങ്ങൾക്കായി സംസ്ഥാനതല പോസ്റ്റർ ഡിസൈൻ മത്സരവും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പി.ടി.പി നഗറിലെ സാമൂഹ്യവനവൽക്കരണ വിഭാഗം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ബന്ധപ്പെടാം. ഫോൺ: 0471-2360462, മൊബൈൽ: 9447979135.

# ശബരിമല അരവണ ക്ഷാമം; സർക്കാർ കൈയും കെട്ടി നോക്കി നിൽക്കില്ലെന്ന് മന്ത്രി കെ. മുരളീധരൻ

തിരുവനന്തപുരം: ശബരിമലയിലെ അരവണ ക്ഷാമവും സ്റ്റോക്കില്ലായ്മയും സംബന്ധിച്ച വിഷയത്തിൽ സർക്കാർ സജീവമായി ഇടപെടുമെന്ന് മന്ത്രി കെ. മുരളീധരൻ. തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ സർക്കാർ കൈയും കെട്ടി നോക്കി നിൽക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

അരവണയുടെ ലഭ്യതക്കുറവിനെക്കുറിച്ചാണ് താൻ ചോദ്യം ഉന്നയിച്ചതെന്നും മന്ത്രി പറഞ്ഞു. ശബരിമലയിൽ അപ്പവും അരവണയും ലഭ്യമാകാത്തതുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിൻറെ ഭാഗത്തെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുന്നതിന് പകരം സർക്കാർ വിമർശിക്കപ്പെടുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശബരിമല വിഷയത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ചും കോടതിയുടെ അനുമതിയോടെയും ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വരാനിരിക്കുന്ന മണ്ഡലമകരവിളക്ക് ഉത്സവം മികച്ച രീതിയിൽ നടത്തുന്നതിനുള്ള മുന്നൊരുക്കങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# അന്നദാനത്തിനിടെ തിളച്ച സാമ്പാർ പാത്രത്തിലേക്ക് വീണ് സ്ത്രീ മരിച്ചു

അമരാവതി: ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ അന്നദാന ചടങ്ങിനിടെ തിളച്ച സാമ്പാർ നിറച്ച വലിയ പാത്രത്തിലേക്ക് കാൽ തെറ്റി വീണ് സ്ത്രീ മരിച്ചു. വിജയവാഡയിലെ കെ.എൽ. റാവു നഗർ സ്വദേശി സുജാത (46) ആണ് മരിച്ചത്. വിനായക ചതുർഥി ആഘോഷങ്ങളോടനുബന്ധിച്ച് നടന്ന അന്നദാന ചടങ്ങിൽ പാചക ജോലികളിൽ സഹായിക്കാനെത്തിയതായിരുന്നു സുജാത. സാമ്പാർ തയാറാക്കുന്നതിനിടെ കാൽ തെറ്റി തിളച്ച സാമ്പാർ പാത്രത്തിലേക്ക് വീഴുകയായിരുന്നു. ഗുരുതരമായി പൊള്ളലേറ്റ സുജാതയെ ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും തിങ്കളാഴ്ച രാവിലെ ചികിത്സയിലിരിക്കെ മരണം സംഭവിക്കുകയായിരുന്നു. സംഭവുമായി ബന്ധപ്പെട്ട് പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. അപകടത്തിലേക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും സുജാത പാത്രത്തിലേക്ക് വീഴാനിടയായ കാരണത്തെക്കുറിച്ചും പൊലിസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

# റൊണാൾഡീഞ്ഞോ എത്തി; ഇതിഹാസങ്ങളുടെ പോരാട്ടത്തിന് ബുധനാഴ്ച കിക്കോഫ്

കൊച്ചി: കായിക കേരളം ആകാംക്ഷയോടെ കാത്തിരിക്കുന്ന ബ്രസീൽ ലെജൻഡ്സും ഇന്ത്യൻ ഓൾസ്റ്റാർ ഇലവനും തമ്മിലുള്ള ആവേശപ്പോരാട്ടത്തിന് ബുധനാഴ്ച കൊച്ചിയിൽ കിക്കോഫ്. രാത്രി 7.30ന് കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. മത്സരത്തിനായി ബ്രസീൽ ഫുട്ബോൾ ഇതിഹാസം റൊണാൾഡീഞ്ഞോ കൊച്ചിയിലെത്തി.

രാവിലെ 9.55ഓടെ റൊണാൾഡീഞ്ഞോ എത്തിയ വിമാനം കൊച്ചിയിൽ ലാൻഡ് ചെയ്തെങ്കിലും സാങ്കേതിക നടപടികൾ പൂർത്തിയാകാത്തതിനാൽ താരത്തിന് ഉടൻ പുറത്തിറങ്ങാനായില്ല. മെഡിക്കൽ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് താരം വിമാനത്താവളത്തിന് പുറത്തേക്ക് എത്തിയത്. റൊണാൾഡീഞ്ഞോയെ കാണാൻ നിരവധി ഫുട്ബോൾ ആരാധകരാണ് വിമാനത്താവളത്തിൽ എത്തിയത്. താരത്തിൻറെ വരവോടെ കൊച്ചിയിലെ ഫുട്ബോൾ ആവേശവും ഇരട്ടിയായി. എഡ്മിൽസൺ ഉൾപ്പെടെയുള്ള 12 ബ്രസീൽ താരങ്ങൾ നേരത്തെ തന്നെ കൊച്ചിയിലെത്തിയിരുന്നു. മുൻ ഇന്ത്യൻ ക്യാപ്റ്റന്മാരായ ഐ.എം. വിജയനും ബൈച്ചൂംഗ് ബൂട്ടിയായും അണിനിരക്കുന്ന ഇന്ത്യൻ ഓൾസ്റ്റാർ ഇലവനിൽ മലയാളി താരങ്ങളായ സി.കെ. വിനീത്, മുഹമ്മദ് റാഫി, ജോ പോൾ അഞ്ചേരി, എൻ.പി. പ്രദീപ്, എം.വി. നെൽസൺ, റിനോ ആൻറോ എന്നിവരുമുണ്ട്.

# ചിറയിൻകീഴിലെ കൈയാങ്കളി; കെപിസിസി അധ്യക്ഷനെ കണ്ട് രമ്യ ഹരിദാസ്

തിരുവനന്തപുരം: ചിറയിൻകീഴിൽ കോൺഗ്രസ് യോഗത്തിനിടയിലുണ്ടായ കൈയാങ്കളി വിവാദം ചർച്ചയായിരിക്കെ രമ്യ ഹരിദാസ് എംഎൽഎ കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫുമായി കൂടിക്കാഴ്ച നടത്തി. തൻറെ ഭാഗം വിശദീകരിക്കാനാണ് രമ്യ നേരിട്ട് നേതൃത്വത്തെ കണ്ടതെന്നാണ് സൂചന. പ്രാദേശിക കോൺഗ്രസ് നേതാക്കളുമായുള്ള അഭിപ്രായവ്യത്യാസങ്ങളും ആശയവിനിമയത്തിലെ പോരായ്മകളുമാണ് ഒടുവിൽ കൈയാങ്കളിയിൽ കലാശിച്ചത്. സംഭവത്തെക്കുറിച്ച് പഠിക്കാൻ മുതിർന്ന നേതാവ് എം.എം.ഹസൻ അധ്യക്ഷനായ സമിതി അന്വേഷണം നടത്തി റിപ്പോർട്ട് കൈമാറിയിരുന്നു.

ഈ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലുള്ള അന്തിമ നടപടികൾ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. സംഭവത്തിൽ രമ്യയുടെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടായതായി മുതിർന്ന നേതാക്കൾ വിമർശനം ഉന്നയിച്ചിരുന്നു. രമ്യക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ഒരു വിഭാഗം ആവശ്യപ്പെടുമ്പോൾ താക്കീതോടെ വിഷയം അവസാനിപ്പിക്കണമെന്നാണ് മറുവിഭാഗത്തിൻറെ ആവശ്യം.

# വാഹന മോഡിഫിക്കേഷൻ; വിമർശനം തുടർന്ന് ഹൈക്കോടതി

കൊച്ചി: റോഡിലെ സുരക്ഷ മുൻനിർത്തി വാഹന മോഡിഫിക്കേഷനുകൾക്കെതിരെയുള്ള വിമർശനം ആവർത്തിച്ച് ഹൈക്കോടതി. ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ അതീവ ഗൗരവത്തോടെയും സൂക്ഷ്മമായും പരിശോധിക്കണമെന്ന് കോടതി നിരീക്ഷിച്ചു. ജീപ്പുകളിൽ വലിയ ടയറുകൾ ഘടിപ്പിക്കുന്നത് അടക്കമുള്ള അനധികൃത മാറ്റങ്ങൾ തുടർച്ചയായ അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും കോടതി ചൂണ്ടിക്കാണിച്ചു. വാഹന മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ എടുത്ത കേസിലാണ് ഈ കർശന ഇടപെടൽ. കാസർഗോഡും കോട്ടയത്തും അടുത്തിടെയുണ്ടായ വാഹനാപകടങ്ങൾ ഉദാഹരിച്ചായിരുന്നു കോടതിയുടെ വിമർശനം. നിയമവിരുദ്ധമായ മോഡിഫിക്കേഷനുകൾക്കെതിരെയുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കാൻ ഗതാഗത കമ്മീഷണർക്ക് കോടതി കർശന നിർദേശം നൽകി. നിയമപരമായി അനുവദനീയമല്ലാത്ത യാതൊരുവിധ മോഡിഫിക്കേഷനുകളും വാഹനങ്ങളിൽ അനുവദിക്കാൻ സാധിക്കില്ലെന്നാണ് കോടതിയുടെ നിലപാട്. മോഡിഫിക്കേഷൻ നടത്തുന്ന വാഹനങ്ങൾക്ക് 5,000 രൂപ വീതം പിഴ ഈടാക്കണമെന്ന് മോട്ടോർ വാഹന വകുപ്പിന് കോടതി നിർദേശം നൽകിയിരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിൻറെ ഭാഗമായി നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി തുടരാനാണ് കോടതിയുടെ തീരുമാനം.

# പൂച്ചക്കുട്ടിയെ കാണാതായി; 30,000 രൂപ പാരിതോഷികം പ്രഖ്യാപിച്ച് വീട്ടമ്മ

കോട്ടയം: കാറിൽനിന്നു ചാടിപ്പോയ പൂച്ചക്കുട്ടിയെ കണ്ടെത്തുന്നവർക്ക് 30,000 രൂപ പാരിതോഷികം വാഗ്ദാനം ചെയ്തു വീട്ടമ്മ. പള്ളിക്കത്തോട് സ്വദേശിനിയായ അംബികയുടെ രണ്ടു മാസം പ്രായമുള്ള പൂച്ചക്കുട്ടിയെയാണ് കഴിഞ്ഞ രണ്ടുമുതൽ കാണാതായത്. പള്ളിക്കത്തോട് മഞ്ഞാമറ്റം മരങ്ങാട്ടുപിള്ളി കുറവിലങ്ങാട് റൂട്ടിൽ സഞ്ചരിക്കുമ്പോൾ പൂച്ചക്കുട്ടി കാറിൽനിന്നു ചാടിപ്പോവുകയായിരുന്നു. തുടർന്ന് ഏതാനും ദിവസങ്ങളായി വിവിധ സ്ഥലങ്ങളിൽ അന്വേഷിച്ചെങ്കിലും പൂച്ചക്കുട്ടിയെ കണ്ടെത്താൻ കഴിഞ്ഞില്ല. ഇതോടെ പൂച്ചക്കുട്ടിയെ കണ്ടെത്തി നല്കുന്നവർക്കു പാരിതോഷികം പ്രഖ്യാപിച്ചു സോഷ്യൽ മീഡിയയിൽ പോസ്റ്റിടുകയായിരുന്നു. പൂച്ചക്കുട്ടിയെ കണ്ടെത്തിയാൽ 9496914913 എന്ന നമ്പറിലേക്ക് അതിൻറെ വീഡിയോയും ഫോട്ടോകളും അയച്ചുകൊടുക്കണം. തുടർന്നു ഇതു തൻറെ പൂച്ചക്കുട്ടിയാണെന്ന് വീട്ടമ്മ തിരിച്ചറിഞ്ഞ് ഏറ്റെടുത്തശേഷമേ പാരിതോഷികം നൽകൂ. തൻറെ അരുമയെ തിരികെ കിട്ടുമെന്ന പ്രതീക്ഷയിലാണ് അംബിക.

# 'കൂൾ' സ്കിൽ ടെസ്റ്റ് ഫലം പ്രഖ്യാപിച്ചു; 88.49 ശതമാനം വിജയം

കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ പരിശീലന പദ്ധതിയായ 'കൂൾ' (KITEs Open Online Learning) പരിശീലനത്തിന്റെ ഇരുപത്തി മൂന്നാം ബാച്ചിന്റെ സ്കിൽടെസ്റ്റ് ഫലം പ്രഖ്യാപിച്ചു. ഈ ബാച്ചിൽ പങ്കെടുത്ത 2,624 അധ്യാപകരിൽ 2,322പേർ (88.49 ശതമാനം) കോഴ്സ് വിജയിച്ചു. അധ്യാപകരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് 'കൂൾ' കോഴ്സ് വിജയകരമായി പൂർത്തിയാക്കി ലഭിക്കുന്ന സർട്ടിഫിക്കറ്റ് പര്യാപ്തമാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പരിശീലനമാണിത്. 62,164 അധ്യാപകർ ഇതുവരെ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. പരീക്ഷാ ഫലം www.kite.kerala.gov.in ൽ ലഭ്യമാണ്.



ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുമായി ചെന്നൈയിലെ ഓസ്ട്രേലിയൻ കോൺസൽ ജനറൽ സിലായി സാക്കി കൂടിക്കാഴ്ച നടത്തുന്നു. വൈസ് കോൺസൽ കാറ്റ് നാപ്പ് സമീപം



മുഖ്യമന്ത്രി വി ഡി സതീശനുമായി ചെന്നൈയിലെ ഓസ്ട്രേലിയൻ കോൺസൽ ജനറൽ സിലായി സാക്കി കൂടിക്കാഴ്ച നടത്തുന്നു. വൈസ് കോൺസൽ കാറ്റ് നാപ്പ് സമീപം

# പ്രിയദർശിനി കെഎസ്ആർടിസിയെ കൂടുതൽ ജനകീയമാക്കി: മന്ത്രി സി പി ജോൺ



പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷത്തിൽ മന്ത്രി സി പി ജോൺ യാത്രക്കാർക്ക് മധുരം വിതരണം ചെയ്യുന്നു



പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷം മന്ത്രി സി പി ജോൺ ഉദ്ഘാടനം ചെയ്യുന്നു

സർക്കാരിന്റെ സൗജന്യ സ്ത്രീയാത്രാ പദ്ധതിയായ പ്രിയദർശിനി കെഎസ്ആർടിസിയെ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയും സ്ഥാപനത്തെ കൂടുതൽ ജനകീയമാക്കുകയും ചെയ്തതായി ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരം തമ്പാനൂർ സെൻട്രൽ ബസ് ഡിപ്പോയിൽ പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പദ്ധതി നടപ്പാക്കി 97 ദിവസം പിന്നിടുമ്പോൾ 12.54 കോടി സ്ത്രീ യാത്രകളാണ് നടന്നത്. 266 കോടി രൂപയുടെ സൗജന്യയാത്രയാണ് ഈ കാലയളവിൽ സ്ത്രീകൾക്ക് ലഭിച്ചത്. പദ്ധതി ഇല്ലായിരുന്നെങ്കിൽ ഈ തുക സ്ത്രീകൾക്ക് ചെലവഴിക്കേണ്ടിവരുമായിരുന്നു. ഓർഡിനറി ബസുകളിൽ നടപ്പാക്കിയ പദ്ധതിക്ക് ദിനംപ്രതി സ്വീകാര്യത വർധിക്കുകയാണ്. ആദ്യ ആഴ്ചയിൽ 11 ലക്ഷം സ്ത്രീ യാത്രക്കാരുണ്ടായിരുന്നത് ഇപ്പോൾ 14 ലക്ഷമായി ഉയർന്നു. പദ്ധതി ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിദിന യാത്രാക്കണക്ക് സെപ്റ്റംബർ ഏഴിനായിരുന്നു. അന്ന് 15 ലക്ഷത്തിലധികം പേർ യാത്ര ചെയ്തപ്പോൾ പദ്ധതിയുടെ ടിക്കറ്റ് മൂല്യം 3.29 കോടി രൂപയായി.

പ്രിയദർശിനി പദ്ധതി നിലവിൽ വന്നതോടെ പുരുഷന്മാർ കെഎസ്ആർടിസിയിൽ നിന്ന് യാത്ര ഒഴിവാക്കുമെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞു. കെഎസ്ആർടിസിയിലെ പുരുഷയാത്രക്കാരുടെ എണ്ണത്തിലും പ്രതിദിന വർധനവ് രേഖപ്പെടുത്തി. സ്വകാര്യ വാഹനങ്ങളിൽനിന്ന് പൊതുഗതാഗതത്തിലേക്കുള്ള മാറ്റം ഇന്ധന ഉപഭോഗവും കാർബൺ ബഹിർഗമനവും ഗതാഗതക്കുരുക്കും കുറയ്ക്കാൻ സഹായിച്ചതായും മന്ത്രി പറഞ്ഞു.

സ്ത്രീകൾക്ക് യാത്രാക്കൂലിയായി ലാഭിക്കാൻ കഴിഞ്ഞ തുക പൊതുവിപണിയിൽ വിനിയോഗിക്കപ്പെട്ടത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്കും വിപണിക്കും ഉണർവേകിയതായി മന്ത്രി പറഞ്ഞു. സാമ്പത്തിക നേട്ടത്തിനപ്പുറം സ്ത്രീകളുടെ അന്തസ്സും ആത്മവിശ്വാസവും വർധിപ്പിക്കാനും പദ്ധതിക്കായി. യാത്രാക്കൂലിയെക്കുറിച്ച് ആശങ്കപ്പെടാതെ പ്രായഭേദമില്ലാതെ സ്ത്രീജനങ്ങൾക്ക് കൂടുതൽ ധൈര്യത്തോടെ യാത്ര ചെയ്യാൻ പദ്ധതി സഹായകമായി. പദ്ധതി വിജയകരമാക്കുന്നതിൽ പ്രവർത്തിച്ച കെഎസ്ആർടിസി ജീവനക്കാരുടെ ആത്മാർഥമായ സേവനത്തെയും മന്ത്രി അഭിനന്ദിച്ചു.ഭാവി വികസനത്തിന്റെ ഭാഗമായി ചരക്ക് ഗതാഗത മേഖലയിലേക്ക് കെഎസ്ആർടിസി കടക്കുകയാണ്. ഇതിനായി ട്രക്കുകൾ ലീസിനെടുത്ത് വിഴിഞ്ഞം തുറമുഖ വികസനം, ദേശീയപാത വികസനം ഉൾപ്പടെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തും. വാട്ടർ മെട്രോയുമായി സഹകരിച്ച് കെഎസ്ആർടിസി ബജറ്റ് ടൂറിസം പാക്കേജുകൾ വിപുലീകരിക്കുന്നതിനായി ജലഗതാഗത വകുപ്പുമായി ധാരണാപത്രം ഒപ്പു വച്ചതായും മന്ത്രി പറഞ്ഞു.ശബരിമല തീർഥാടന സീസണിനായി കൂടുതൽ ബസുകൾ സജ്ജമാക്കും. വിരമിച്ച ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്കും ചെറുകിട ബസ് ഉടമകൾക്കും പുതിയ ബസുകൾ വാങ്ങി കെഎസ്ആർടിസിക്ക് ലീസിന് നൽകാനുള്ള അവസരവും ഒരുക്കും. എംഎൽഎമാർക്ക് വർഷത്തിൽ മൂന്ന് ബസുകൾ വരെ വാങ്ങാൻ നിലവിൽ അനുമതി ലഭിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ബസുകൾ വാങ്ങി നൽകിയാൽ ഡീസലും ജീവനക്കാരെയും കെഎസ്ആർടിസി നൽകുന്ന രീതിയിലുള്ള പദ്ധതികളും ഉടൻ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. നിലവിലുള്ള 5700 ബസുകളിൽ നിന്ന് കെഎസ്ആർടിസിയുടെ ഫ്ലീറ്റ് 10000 ബസുകളാക്കി ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പ്രിയദർശിനി പദ്ധതിയുടെ നൂറാം ദിനാഘോഷത്തിന്റെ ഭാഗമായി മന്ത്രി സി പി ജോൺ സ്ത്രീ യാത്രക്കാർക്ക് മധുരം വിതരണം ചെയ്ത് സന്തോഷം പങ്കുവച്ചു. കെഎസ്ആർടിസി സിഎംഡി പി എസ് പ്രമോജ് ശങ്കർ അധ്യക്ഷനായി. വാർഡ് കൗൺസിലർ ആർ ഹരികുമാർ, ട്രാൻസ്‌പോർട്ട് മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, യാത്രക്കാർ, കെഎസ്ആർടിസി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## പ്രതാപൻ അതിരുവിടുന്നു; കോൺഗ്രസ് കേരളകോൺഗ്രസ് ബന്ധം ഉലയുന്നു

തിരുവനന്തപുരം: തോമസ് ഉണ്ണിയാടൻ എംഎൽഎ നടത്തുന്ന നീക്കങ്ങൾക്ക് കോൺഗ്രസ് നേതാക്കൾ നൽകുന്ന പിന്തുണയിൽ അതൃപ്തി പ്രകടിപ്പിച്ച് കേരള കോൺഗ്രസ്. ഇതു സംബന്ധിച്ച് കോൺഗ്രസ് നേതൃത്വത്തിന് പരാതി നൽകാൻ ഒരുങ്ങുകയാണ് കേരളകോൺഗ്രസ് നേതൃത്വം. മുന്നണി മര്യാദകൾ ലംഘിച്ചെന്നാരോപിച്ച് എഐസിസി സെക്രട്ടറി ടി.എൻ. പ്രതാപനെതിരെയും കേരളകോൺഗ്രസ് രംഗത്തെത്തി.

മുഖ്യമന്ത്രി വി.ഡി. സതീശൻ, കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്, യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എന്നിവർക്കാണ് പരാതി നൽകുന്നത്. ടി.എൻ. പ്രതാപൻറെ പരാമർശത്തിലുള്ള അതൃപ്തി മന്ത്രി മോൻസ് ജോസഫ് വാക്കാൽ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും കേരള കോൺഗ്രസ് വൃത്തങ്ങൾ അറിയിച്ചു.

തോമസ് ഉണ്ണിയാടന് കഴിഞ്ഞ ദിവസം നൽകിയ സ്വീകരണ സമ്മേളനത്തിൽ നിരവധി കോൺഗ്രസ് നേതാക്കൾ പങ്കെടുത്തിരുന്നു. സമ്മേളനത്തിൽ പ്രസംഗിച്ച ടി.എൻ. പ്രതാപൻ ചീഫ് വിപ്പ് സ്ഥാനത്തേക്ക് കുടുംബാംഗങ്ങളെ പരിഗണിക്കുന്നതിനെ വിമർശിച്ചിരുന്നു. തോമസ് ഉണ്ണിയാടൻറെ പിതാവിനെ പരാമർശിച്ചുള്ള പ്രതാപൻറെ വിമർശനം കേരള കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫിനെ ലക്ഷ്യമിട്ടുള്ളതായാണ് ജോസഫ് വിഭാഗത്തിൻറെ ആരോപണം.

മുന്നണിയിലെ മുതിർന്ന നേതാവും പാർട്ടി ചെയർമാനുമായ പി.ജെ.ജോസഫിനെ പരസ്യമായി വിമർശിച്ച സംഭവത്തിൽ കോൺഗ്രസ് നേതൃത്വം ഇടപെട്ട് നിലപാട് തിരുത്തണമെന്നാണ് കേരള കോൺഗ്രസിൻറെ ആവശ്യം. ഉണ്ണിയാടൻറെ നീക്കങ്ങൾക്ക് പിന്നിൽ കോൺഗ്രസ് നേതൃത്വത്തിൻറെ പിന്തുണയുണ്ടെന്ന വിലയിരുത്തലും ജോസഫ് വിഭാഗത്തിനുണ്ട്.

പാർട്ടി അധികാരത്തിലെത്തിയ ശേഷം മുതിർന്ന നേതാവായ തന്നെ അധികാരസ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കിയെന്ന പരാതിയാണ് തോമസ് ഉണ്ണിയാടൻ ഉയർത്തുന്നത്. കേരള കോൺഗ്രസ് നേതൃത്വവുമായി അകൽച്ചയിലായ ഉണ്ണിയാടൻ പാർട്ടി നടപടി നേരിടുകയോ സ്വമേധയാ പാർട്ടി വിടുകയോ ചെയ്യാനുള്ള സാഹചര്യം നിലനിൽക്കുന്നുവെന്നാണ് പാർട്ടിക്കുള്ളിലെ വിലയിരുത്തൽ.

## 100% കയറ്റുമതിക്കും തീരുവയില്ല; ഇന്ത്യന്യൂസിലൻഡ് വ്യാപാര കരാർ ഒക്ടോബർ 20ന് പ്രാബല്യത്തിൽ

ന്യൂഡൽഹി: ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ (എഫ്ടിഎ) ഒക്ടോബർ 20ന് പ്രാബല്യത്തിലാകുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി പിയൂഷ് ഗോയൽ. ന്യൂസിലൻഡിലേക്കുള്ള നൂറ് ശതമാനം ഇന്ത്യൻ കയറ്റുമതികൾക്കും ഡ്യൂട്ടി ഫ്രീ വ്യാപാരം തുറന്നുനൽകുന്ന കരാർ ഏപ്രിൽ 27നാണ് ഇരുരാജ്യങ്ങളും ഒപ്പുവച്ചത്.

കരാറിന് ഈ മാസമാദ്യം ന്യൂസിലൻഡ് പാർലമെൻറ് അംഗീകാരം നൽകിയതിനു പിന്നാലെ കരാർ നടപ്പിലാക്കുന്നതിനുള്ള ആഭ്യന്തര നടപടിക്രമങ്ങൾ ഇരുരാജ്യങ്ങളും പൂർത്തിയാക്കി.

ഇന്ത്യയുടെ എല്ലാ കയറ്റുമതികൾക്കും ന്യൂസിലൻഡ് ഡ്യൂട്ടി ഫ്രീ വ്യാപാരം തുറന്നുനൽകുന്നത് ഇന്ത്യയിലെ തൊഴിൽ കേന്ദ്രീകൃത മേഖലകളായ ടെക്സ്റ്റൈൽ, ലെതർ, ചെരിപ്പുകൾ, സമുദ്രോത്പന്നങ്ങൾ, ആഭരണങ്ങൾ, കൈത്തറി എൻജിനിയറിംഗ് ഉത്പന്നങ്ങൾ, വാഹനങ്ങൾ തുടങ്ങിയവയ്ക്ക് ഗുണകരമാകും. സമുദ്രോത്പന്ന കയറ്റുമതിയിൽ വൈവിധ്യവത്കരണം സാധ്യമാക്കുന്ന കരാർ രാജ്യത്തിൻറെ ചെമ്മീൻ കയറ്റിമതിയെയും ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരാറിലൂടെ കേരളത്തിൻറെ ഏലം, കുരുമുളക് എന്നിവയ്ക്ക് ഉയർന്ന ആവശ്യകതയുണ്ടാകുമെന്നും മൂല്യവർധിത സുഗന്ധവ്യഞ്ജനങ്ങൾക്ക് ഊർജമാകുമെന്നും കേന്ദ്രം മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്.

രാജ്യത്തെ ചില നൈപുണ്യ തൊഴിലാളികൾക്ക് മൂന്നുവർഷം വരെ ന്യൂസിലൻഡിൽ തങ്ങാവുന്ന രീതിയിൽ 5000 വീസ ക്വോട്ടകൾ കരാർ തുറന്നിടുന്നുണ്ട്. ഐടി , എൻജിനിയറിംഗ്, ആരോഗ്യം എന്നീ മേഖലകളിലെ നൈപുണ്യ തൊഴിലുകൾക്ക് പുറമെ ആയുഷ് പരിശീലകർക്കും യോഗ പരിശീലകർക്കും ഷെഫുകൾക്കും ഈ ക്വാട്ടയിൽ ന്യൂസിലൻഡ് ജോലി വാഗ്ദാനം ചെയ്യുന്നു. ഇതിനു പുറമെ ന്യൂസിലൻഡിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർഥികൾക്കും നിരവധി ആനുകൂല്യങ്ങൾ കരാർ പ്രദാനം ചെയ്യുന്നു. പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ഇന്ത്യൻ വിദ്യാർഥികൾക്ക് ആഴ്ചയിൽ 20 മണിക്കൂർവരെ ജോലി ചെയ്യാൻ ന്യൂസിലൻഡ് ഇനി അനുവദിക്കും.

വർക്കിംഗ് ഹോളിഡേ വീസയിലൂടെ പ്രതിവർഷം ചെറുപ്പക്കാരായ 1000 ഇന്ത്യക്കാർക്ക് 12മാസ കാലയളവിലേക്കായി ഒന്നിലധികം തവണ ന്യൂസിലൻഡ് സന്ദർശിക്കാനും കരാർ അവസരം ഒരുക്കുന്നുണ്ട്.

## ഡൽഹിയിൽ വീണ്ടും കൂട്ടബലാത്സംഗം: പതിനേഴുകാരിയെ പീഡിപ്പിച്ചു; ഒരാൾ പിടിയിൽ

ന്യൂഡൽഹി: ഡൽഹിയിലെ കൽക്കാജി മന്ദിറിന് സമീപമുള്ള പാർക്കിൽ വച്ച് പൊലിസുകാരെന്ന വ്യാജേന മൂന്നംഗ സംഘം പതിനേഴുകാരിയെ കൂട്ടബലാത്സംഗം ചെയ്തു. സംഭവത്തിൽ ആസിഫ് എന്ന പ്രതിയെ പൊലിസ് പിടികൂടി.

തിങ്കളാഴ്ച രാത്രി ഏഴിന് പെൺകുട്ടിയും ആൺ സുഹൃത്തും കൽക്കാജി മന്ദിറിലെത്തിയത്. ക്ഷേത്രത്തിൽ പോയ ശേഷം ഏഴരയ്ക്ക് ഇരുവരും സമീപമുള്ള പാർക്കിലേക്ക് നടക്കാനായി പോയി. ഇതിനിടെയാണ് 25നും 30നും ഇടയിൽ പ്രായമുള്ള മൂന്നംഗ സംഘം പൊലിസുകാരാണെന്ന വ്യാജേന ഇവർക്കടുത്തേക്ക് എത്തിയത്. തുടർന്ന് ഇരുവരേയും ഭീഷണിപ്പെടുത്തുകയും പ്രതികളിൽ ഒരാൾ തോക്കും കത്തിയുമെടുത്ത് പെൺകുട്ടിയുടെ സുഹൃത്തിനെ തടഞ്ഞുവച്ച ശേഷം പെൺകുട്ടിയെ പീഡിപ്പിക്കുകയുമായിരുന്നു. പിന്നീട് മറ്റ് രണ്ടുപേരും ചേർന്ന് പെൺകുട്ടിയെ മാറിമാറി പീഡനത്തിനിരയാക്കി. സംഭവത്തിന് ശേഷം ഇരുവരെയും ഭീഷണിപ്പെടുത്തി സംഘം സ്ഥലം വിട്ടു.

വിവരം അറിഞ്ഞ പൊലിസ് സ്ഥലത്തെത്തി രാത്രി 8:45ന് പെൺകുട്ടിയെ വൈദ്യപരിശോധനയ്ക്ക് വിധേയയാക്കി. പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പോക്സോ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് പ്രതികളിലൊരാളെ പൊലിസ് ഏറ്റുമുട്ടലിനൊടുവിൽ പിടികൂടി. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിൽ പൊലിസ് സംഘവുമായുള്ള വെടിവയ്പ്പിൽ കാലിന് പരിക്കേറ്റതിനെ തുടർന്ന് ആസിഫിനെ കീഴ്പ്പെടുത്തുകയായിരുന്നു. ഒളിവിലുള്ള മറ്റ് രണ്ട് പ്രതികൾക്കായി പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ 10 ദിവസത്തിനിടയിൽ തലസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയാകുന്ന നാലാമത്തെ സംഭവമാണിത്.

## അറസ്റ്റിൻെറ കാരണം രേഖാമൂലം അറിയിക്കണം സുപ്രീംകോടതി

ന്യൂഡൽഹി: ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ കാരണം രേഖാമൂലം അറിയിക്കണമെന്ന് സുപ്രീംകോടതി. കാരണം രേഖാമൂലം നല്കാതെ അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥനെതിരേ വകുപ്പുതല നടപടിയെടുക്കണമെന്നും സുപ്രീംകോടതി ഉത്തരവിട്ടു.

അറസ്റ്റ് ഭരണഘടനയുടെ 22(1)ാം അനുച്ഛേദ പ്രകാരം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടാൽ അതേ പ്രതിയെ വീണ്ടും അറസ്റ്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റിൻറെ അനുമതി വേണം. പ്രതിക്ക് അറസ്റ്റിൻറെ കാരണങ്ങൾ എഴുതി നൽകിയശേഷം മാത്രമേ മജിസ്ട്രേറ്റിന് അപേക്ഷ നൽകാവൂ. ആദ്യ അറസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻറെ മേലുദ്യോഗസ്ഥൻ ഈ അപേക്ഷ സാക്ഷ്യപ്പെടുത്തണം. കൂടാതെ, ആദ്യ തവണ കാരണങ്ങൾ നൽകാത്തതിനുള്ള വിശദീകരണവും അപേക്ഷയിലുണ്ടാകണമെന്ന് ജസ്റ്റീസുമാരായ ഉജ്ജൽ ഭൂയാൻ, അതുൽ എസ്. ചന്ദൂർക്കർ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. സാധാരണ ക്രിമിനൽ കേസുകളിലായാലും, യുഎപിഎ, പിഎംഎൽഎ തുടങ്ങിയ പ്രത്യേക നിയമപ്രകാരമുള്ള കേസുകളിലായാലും അറസ്റ്റിൻറെ കാരണം വ്യക്തമാക്കിയില്ലെങ്കിൽ പൊലിസ് ഈ നടപടിക്രമങ്ങൾ പാലിക്കണമെന്നും കോടതി ഉത്തരവിട്ടു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കു നേരേയുള്ള ലൈംഗികാതിക്രമ കേസിൽ പഞ്ചാബ് പൊലിസ് അറസ്റ്റ് ചെയ്ത ശിരോമണി അകാലിദൾ നേതാവ് ജസ്കരൻ സിംഗ് ഡിയോളിൻറെ ഹർജിയിലാണ് സുപ്രീംകോടതിയുടെ ഉത്തരവ്. കാരണം രേഖാമൂലം അറിയിക്കാതെതന്നെ അറസ്റ്റ് ചെയ്തെന്നും പിന്നീട് 24 മണിക്കൂറിലധികം മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കാതെ കസ്റ്റഡിയിൽ പാർപ്പിച്ചു എന്നുമാണ് ഹർജിക്കാരൻറെ വാദം. പ്രതിയെ രണ്ടാമത് അറസ്റ്റ് ചെയ്യുന്നതിന് ഉന്നത ഉദ്യോഗസ്ഥൻറെ അനുമതി പൊലിസിന് ആവശ്യമാണ്. കൂടാതെ കേസിലെ തുടരന്വേഷണം മറ്റൊരു ഉദ്യോഗസ്ഥന് കൈമാറണമെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കി. വകുപ്പുതല അന്വേഷണത്തിൽ പൊലിസ് ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ സർവീസ് ബുക്കിൽ അത് രേഖപ്പെടുത്തി വകുപ്പുതല നടപടി സ്വീകരിക്കണം. വിധിയുടെ പകർപ്പ് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഡിജിപിമാർക്ക് നൽകാനും കോടതി നിർദേശിച്ചു. ഏതെങ്കിലും ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യുന്നതിനു മുമ്പ്, എന്തിനാണ് അറസ്റ്റ് ചെയ്തതെന്ന കൃത്യമായ കാരണം രേഖാമൂലം മനസിലാകുന്ന ഭാഷയിൽ അദ്ദേഹത്തെ അറിയിക്കണം.കൂടാതെ, അറസ്റ്റിലായ വ്യക്തിക്ക് ഇഷ്ടമുള്ള ഒരു അഭിഭാഷകനെ കണ്ട് നിയമോപദേശം തേടാനുള്ള അവകാശവും ഭരണഘടനയിലെ ഈ അനുച്ഛേദം ഉറപ്പ് നൽകുന്നു. ഏത് വിഭാഗത്തിൽപ്പെടുന്ന കുറ്റകൃത്യങ്ങൾക്കും ഈ വ്യവസ്ഥ ബാധകമാണ്.

### അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിലിടിച്ച് ഒരാൾ മരിച്ചു

ലക്നോ: ഉത്തർപ്രദേശിലെ നോയിഡയിൽ അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിലിടിച്ച് ഒരാൾ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. നീരജാണ് (40) മരിച്ചത്. നീരജും ഭാര്യയും സ്കൂട്ടറിൽ സഞ്ചരിക്കവേ അമിതവേഗത്തിലെത്തിയ കാർ ഇവരുടെ വാഹനത്തിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഇരുവരും റോഡിലേക്ക് തെറിച്ചുവീഴുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

ഇരുവരെയും ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും നീരജിൻറെ ജീവൻ രക്ഷിക്കാനായില്ല. പരിക്കേറ്റ ഭാര്യ ചികിത്സയിൽ തുടരുന്നു. അപകടത്തിന് പിന്നാലെ വാഹനം ഉപേക്ഷിച്ച് ഡ്രൈവർ സംഭവസ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടു. പൊലിസ് സ്ഥലത്തെത്തി മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മാറ്റി. ഒളിവിലുള്ള ഡ്രൈവർക്കായി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## അജ്ഞാത ജീവിയുടെ ആക്രമണം; രണ്ട് പേർക്ക് പരിക്ക്, കൂട് സ്ഥാപിച്ചു

കോഴിക്കോട്: നാദാപുരം പഞ്ചായത്തിലെ കുമ്മങ്കോട് ബദരിയ പള്ളിക്ക് സമീപം അജ്ഞാത ജീവിയുടെ ആക്രമണത്തിൽ രണ്ടുപേർക്ക് പരിക്കേറ്റു. കുമ്മങ്കോട് എരഞ്ഞിക്കൽ സിനാൻ (19), കുഞ്ഞാമി (65) എന്നിവർക്കാണ് പരിക്കേറ്റത്. തിങ്കളാഴ്ച ഉച്ചയ്ക്ക് ഒന്നരയ്ക്ക് വീടിനോട് ചേർന്ന പറമ്പിൽ കാട് വെട്ടുന്നതിനിടെയായിരുന്നു സംഭവം.

അജ്ഞാത ജീവിയുടെ ആക്രമണത്തിൽ സിനാൻറെ നെഞ്ചിലും തലയുടെ പിൻഭാഗത്തും കുഞ്ഞാമിയുടെ മുഖത്തുമാണ് പരിക്കേറ്റത്.

നാട്ടുകാർ ചേർന്ന് ഇരുവരെയും നാദാപുരത്തെ ആശുപത്രിയിലും തുടർന്ന് വിദഗ്ധ ചികിത്സയ്ക്കായി വടകരയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു. അജ്ഞാത ജീവി ഓടിപ്പോകുന്നത് സമീപത്തെ വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന പത്തുവയസുകാരൻ കണ്ടിരുന്നു. ഇതിനിടെ കുമ്മങ്കോട് സ്വദേശി നൊട്ടീൻറവിട റംഷാദ് മൊബൈൽ ഫോണിൽ പകർത്തിയ ദൃശ്യങ്ങളിലും ജീവി ഓടിപ്പോകുന്നത് കാണാം. ദൃശ്യത്തിലുള്ളത് പുലിയാണെന്നാണ് നാട്ടുകാരുടെ സംശയം.

കഴിഞ്ഞ മൂന്ന് ദിവസമായി കുമ്മങ്കോട് മേഖലയിലെ വിവിധ ഭാഗങ്ങളിൽ പുലിയെന്ന് സംശയിക്കുന്ന ജീവിയെ കണ്ടതായി നാട്ടുകാർ പറയുന്നു. സംഭവത്തെ തുടർന്ന് നാദാപുരം ഡിവൈഎസ്പി പി.എം. മനോജിൻറെ നേതൃത്വത്തിൽ പൊലിസും കുറ്റ്യാടിയിൽ നിന്നുള്ള വനംവകുപ്പ് ഉദ്യോഗസ്ഥരും പെരുവണ്ണാമൂഴി, താമരശേരി എന്നിവിടങ്ങളിൽ നിന്നുള്ള ആർആർ.ടി സംഘവും സ്ഥലത്തെത്തി പരിശോധന നടത്തി.

കെ.എം. അഭിജിത്ത് എംഎൽഎ, നാദാപുരം പഞ്ചായത്ത് പ്രസിഡൻറ് സഫീറ മൂന്നാംകുനി, വൈസ് പ്രസിഡൻറ് അഡ്വ. കെ.എം. രഘുനാഥ്, വാർഡ് അംഗം പി. വാസു എന്നിവരും സ്ഥലം സന്ദർശിച്ചു. പ്രദേശവാസികൾ അനാവശ്യമായി പുറത്തിറങ്ങരുതെന്നും ജാഗ്രത പാലിക്കണമെന്നും അധികൃതർ നിർദേശം നൽകി. അജ്ഞാത ജീവിയെ പിടികൂടുന്നതിനായി സ്ഥലത്ത് കൂട് സ്ഥാപിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ വിമാനയാത്ര; രൂക്ഷ വിമർശനവുമായി എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി

തിരുവനന്തപുരം: മുഖ്യമന്ത്രി വി.ഡി.സതീശൻറെ യാത്രയ്ക്കായി ചാർട്ടേർഡ് വിമാനം എത്തിച്ച സംഭവത്തിൽ രൂക്ഷവിമർശനവുമായി എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി പി.എസ്. സഞ്ജീവ്. തിരുവനന്തപുരത്ത് നിന്ന് മലപ്പുറത്തേക്ക് പോകാനായിരുന്നു വിമാനയാത്ര.

മുഖ്യമന്ത്രി സഞ്ചരിച്ച ചാർട്ടേർഡ് വിമാനത്തിൻറെ ചെലവ് വഹിക്കുന്നത് സ്പോൺസറാണെന്ന വിശദീകരണത്തെ ചോദ്യം ചെയ്ത സഞ്ജീവ് സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സൗജന്യംപറ്റി യാത്ര ചെയ്യുന്നത് ഗുരുതരമായ സത്യപ്രതിജ്ഞാ ലംഘനമാണെന്ന് അഭിപ്രായപ്പെട്ടു.

ഫേസ്ബുക്കിലൂടെയാണ് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി വിമർശനവുമായി രംഗത്തെത്തിയത്. ജനങ്ങളുടെ പണത്തിന് നഷ്ടമൊന്നുമില്ലല്ലോ എന്നും സർക്കാരിന് ലാഭമല്ലേ എന്നും വാദിച്ച് ഈ കൊള്ളത്തരത്തെ ന്യായീകരിക്കാനാണ് കോൺഗ്രസും മുസ്‌ലിം ലീഗും ശ്രമിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

ആരാണ് ഈ സ്പോൺസർഷിപ്പ് നൽകിയതെന്നും എന്തിനാണ് ഇത്തരമൊരു സൗജന്യം നൽകുന്നതെന്നുമുള്ള കാതലായ ചോദ്യങ്ങൾക്ക് മറുപടിയില്ലാതെ യുഡിഎഫ് കേന്ദ്രങ്ങൾ ചോദ്യമുന്നയിക്കുന്നവരെ വ്യക്തിപരമായി അധിക്ഷേപിക്കുകയാണെന്നും സഞ്ജീവ് വിമർശിച്ചു.

സംസ്ഥാനത്തിൻറെ ആസ്തികൾ വിറ്റുതുലയ്ക്കാൻ ഈ അഴിമതിക്കാർ തയാറായാലും യുഡിഎഫ് സഖ്യകക്ഷികൾ അതിനെ ന്യായീകരിക്കുകയേ ഉള്ളൂവെന്നും സഞ്ജീവ് കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പാർശ്വവൽക്കൃതരെ സ്നേഹത്തോടെ ചേർത്തുപിടിക്കണം : മുഖ്യമന്ത്രി

## ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡുകൾ വിതരണം ചെയ്തു

സമൂഹത്തിൽ പ്രയാസമനുഭവിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ടവരെയും സങ്കടപ്പെടുന്നവരെയും സ്നേഹത്തോടെ ചേർത്തുനിർത്താൻ വിദ്യാർഥികൾ മുന്നോട്ടുവരണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അവർക്ക് സാമ്പത്തിക സഹായം നൽകാൻ സാധിച്ചില്ലെങ്കിൽപ്പോലും ആശ്വാസമേകുന്ന ഒരു നല്ല വാക്ക് പറയാൻ കഴിയുന്നത് വലിയ കാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ 2024–2026 കാലയളവിലെ ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡ് വിതരണം നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.



കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ ചീഫ് മിനിസ്റ്റർ ഷീൽഡ് അവാർഡ് വിതരണം നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു

രാജ്യസ്നേഹമുള്ള നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വലിയ പങ്ക് വഹിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇന്നത്തെ പ്രധാന വെല്ലുവിളിയായ ലഹരിക്കെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ സമൂഹം ഒന്നിച്ച് നിൽക്കണം. കുട്ടികളെ ലഹരിവലയിലാക്കാൻ ശ്രമിക്കുന്ന മാഫിയകൾക്കെതിരെ ജാഗ്രത പാലിക്കണം.

വിദ്യാർഥികൾക്കിടയിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തുന്നതിനൊപ്പം പ്രകൃതിയുടെയും മനുഷ്യന്റെയും ആരോഗ്യം ഒന്നാണെന്ന വൺ ഹെൽത്ത് ആശയത്തിന് പ്രാധാന്യം നൽകണം. സ്വന്തം നേട്ടങ്ങളിൽ അഹങ്കരിക്കാതെ ആത്മവിശ്വാസത്തോടെ ടീമായി പ്രവർത്തിച്ച് നേതൃപാടവം തെളിയിക്കാനും പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറാനും വിദ്യാർഥികളോട് മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.

ഇന്നത്തെ ക്ലാസ് മുറികളാണ് നാളത്തെ നാടിന്റെ ഭാവിയും നേതൃത്വവുമെന്ന് ചടങ്ങിൽ അധ്യക്ഷനായ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പറഞ്ഞു. കേവലം പാഠങ്ങൾ പഠിച്ച് പരീക്ഷ എഴുതി മാർക്ക് വാങ്ങുന്നത് മാത്രമല്ല വിദ്യാർഥി ജീവിതം. ജീവിതത്തെ കൂടുതൽ മനസ്സിലാക്കാനും വ്യക്തിത്വത്തിന്റെ അടിത്തറ ശക്തിപ്പെടുത്താനും പാഠ്യേതര പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. സമൂഹത്തിന് വേണ്ടി തങ്ങളാൽ കഴിയുന്നത് ചെയ്യണമെന്ന ബോധ്യം വിദ്യാർഥികളിൽ നട്ടുവളർത്താൻ സ്കൗട്ട്സ് ആൻഡ് ഗൈഡ്സിലെ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്നും ഈ അച്ചടക്കവും അനുഭവങ്ങളും ജീവിതത്തിലുടനീളം വ്യക്തിത്വത്തിന് തിളക്കം നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

പരിപാടിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അരുൺ കെ വിജയൻ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സ്റ്റേറ്റ് സെക്രട്ടറി ഡോ. അബ്ദുറഹൂഫ് വി, കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസലിങ് സെൽ സ്റ്റേറ്റ് കോർഡിനേറ്റർ ഡോ. അസീം, വാർഡ് മെമ്പർ കെ ആർ ക്ലീറ്റസ് തുടങ്ങിയവർ സംബന്ധിച്ചു.

# ചെന്നൈയിൽ എസ്ഐയെ കൊലപ്പെടുത്തി; ഭാര്യയും സുഹൃത്തും അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട്ടിലെ നുംഗ്പാക്കത്ത് സബ് ഇൻസ്പെക്ടറെ കൊലപ്പെടുത്തി. രാജിയെ (58) ആണ് ഭാര്യ സെൽവരാണിയും (58) ഇവരുടെ സുഹൃത്ത് ദേവനാഥനും (28) ചേർന്ന് പെട്രോളൊഴിച്ച് കൊലപ്പെടുത്തിയത്. സംഭവത്തിൽ പൊലിസ് ഇരുവരെയും അറസ്റ്റ് ചെയ്തു.

വെള്ളിയാഴ്ച രാത്രി രാജിയുടെ ഭക്ഷണത്തിൽ സെൽവരാണി ഉറക്കഗുളിക കലർത്തിയിരുന്നു. അദ്ദേഹം അബോധാവസ്ഥയിലായപ്പോൾ ദേവനാഥൻറെ സഹായത്തോടെ പെട്രോളൊഴിച്ച് തീകൊളുത്തുകയുമായിരുന്നു. ആദ്യം അസ്വാഭാവിക മരണത്തിനാണ് പൊലിസ് കേസെടുത്തിരുന്നത്. ചോദ്യം ചെയ്യലിൽ സെൽവരാണിയുടെ മൊഴികളിൽ സംശയം തോന്നിയതിനെ തുടർന്ന് വീണ്ടും വിശദമായി ചോദ്യം ചെയ്തപ്പോഴാണ് കൊലപാതക വിവരം പുറത്തുവന്നത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ ദേവനാഥനെ പൊലിസ് പിന്നീട് പിടികൂടി. കൊലപാതകത്തിന് പിന്നിലെ യഥാർഥ കാരണം കണ്ടെത്താൻ ഇരുവരെയും ചോദ്യം ചെയ്തുവരുകയാണ്. 2025ൽ അഞ്ചു വയസുള്ള പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ രാജി പൊലിസിൻറെ പിടിയിലായിരുന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. പ്രതികളുടെ മൊഴികളുടെ അടിസ്ഥാനത്തിൽ പൊലിസ് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

# അബ്കാരിക്കേസ്; ആൻറോയ്ക്ക് ഉപാധികളോടെ ജാമ്യം

കൊച്ചി: വീട്ടിൽ നിന്ന് മദ്യം പിടിച്ചെടുത്ത കേസിൽ റിപ്പോർട്ടർ ടിവി എംഡി ആൻറോ അഗസ്റ്റിന് ഉപാധികളോടെ ഹൈക്കോടതി ജാമ്യം അനുവധിച്ചു. ജസ്റ്റീസ് കൗസർ എടപ്പഗത്തിൻറെ ബെഞ്ചാണ് ജാമ്യം അനുവദിച്ചത്. ഉപാധികളോടൊണ് ഹൈക്കോടതി ജാമ്യം അനുവദിച്ചത്. മാനന്തവാടി ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന ആൻറോ അഗസ്റ്റിന് കോടതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ജയിലിൽ നിന്ന് നടപടികൾ പൂർത്തിയാക്കി പുറത്തിറങ്ങാനാവും. മെസി തട്ടിപ്പുമായി ബന്ധപ്പെട്ട് എസ്ഐടി നടത്തിയ പരിശോധനയിലാണ് ഇയാളുടെ വീട്ടിൽ നിന്ന് അനധികൃതമായി സൂക്ഷിച്ച നിലയിൽ മദ്യം കണ്ടെത്തിയത്. മുട്ടിൽ മരം മുറിയിലെ വഞ്ചന കേസിൽ അഗസ്റ്റിൻ സഹോദരങ്ങൾ നൽകിയ ഹർജി ഇന്ന് സുപ്രീംകോടതി പരിഗണിക്കും. ജസ്റ്റീസ് ജെ.ബി. പർദ്ദിവാല അധ്യക്ഷനായ ബെഞ്ച് ആണ് ഹർജി പരിഗണിക്കുന്നത്.ചോറ്റാനിക്കര കോടതിയിലെ വിചാരണ തടയണമെന്ന് ആവശ്യപ്പെട്ടാണ് കേസിലെ ഒന്നാം പ്രതിയായ റോജി അഗസ്റ്റിൻ സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചത്.ഹൈക്കോടതി ഉത്തരവ് ഉടനടി സ്റ്റേ ചെയ്യണമെന്നായിരുന്നു ആവശ്യം.

# മെസിതട്ടിപ്പ്; കള്ളക്കളികളെല്ലാം മുൻമന്ത്രിയുടെ അറിവോടെയെന്ന് സ്റ്റാഫംഗങ്ങൾ

തിരുവനന്തപുരം: മെസിയെ കേരളത്തിലെത്തിക്കാമെന്ന പേരിൽ നടത്തിയ തട്ടിപ്പിൽ മുൻകായികമന്ത്രി വി. അബ്ദുറഹിമാനെതിരെ കൂടുതൽ സ്റ്റാഫംഗങ്ങളുടെ മൊഴി. ചട്ടലംഘനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടും മന്ത്രി നടപടിയെടുത്തില്ലെന്നും വകുപ്പിലെ കാര്യങ്ങൾ സ്വന്തം ഇഷ്ടപ്രകാരം തീരുമാനിച്ചെന്നുമാണ് സ്റ്റാഫംഗങ്ങൾ എസ്ഐടിക്ക് നൽകിയ മൊഴി. മുൻ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ജി.ആർ. രമേശാണ് എസ്ഐടിക്ക് നിർണായക മൊഴി നൽകിയത്. ടെൻഡർ നടപടികളില്ലാതെ സ്പോൺസറെ നിയോഗിക്കരുതെന്ന് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും മന്ത്രി അത് അവഗണിച്ചു. എയ്ഡഡ് കോളജ് അധ്യാപികയുടെ സേവനം ഉപയോഗിക്കുന്നതിനെതിരെയും മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഇതും മന്ത്രി പരിഗണിച്ചില്ലെന്നാണ് രമേശിൻറെ മൊഴി. മന്ത്രിയുടെ സുഹൃത്തെന്ന നിലയിൽ ഒരു വ്യക്തിക്ക് ഔദ്യോഗിക ഇമെയിലുകൾ കൈകാര്യം ചെയ്യാൻ അനുമതി നൽകിയിരുന്നെന്നും മൊഴിയിൽ പറയുന്നു. വകുപ്പിലെ വിവിധ കാര്യങ്ങളിൽ മന്ത്രിയുടെ താൽപര്യപ്രകാരമാണ് തീരുമാനങ്ങളെടുത്തിരുന്നതെന്നും രമേശ് എസ്ഐടിയോട് വ്യക്തമാക്കി. മുൻ പ്രൈവറ്റ് സെക്രട്ടറി സത്യപാലും അബ്ദുറഹിമാനെതിരെ എസ്ഐടിക്ക് മൊഴി നൽകിയിരുന്നു. സ്പോൺസറെ നിയോഗിക്കാനുള്ള തീരുമാനം മന്ത്രിയുടേതായിരുന്നുവെന്നാണ് സത്യപാലിൻറെ മൊഴി. ടെൻഡറില്ലാതെ സ്പോൺസറെ നിയോഗിക്കരുതെന്ന് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും മന്ത്രി അത് അവഗണിച്ചെന്നും സത്യപാലൻ മൊഴി നൽകി. സ്പോൺസറുമായി ബന്ധപ്പെട്ട ആൻറോയുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവരങ്ങളും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ ഇതും മന്ത്രി അവഗണിച്ചെന്നാണ് ആരോപണം. എസ്ഐടിയുടെ ചോദ്യം ചെയ്യലിലാണ് ഇരുവരും മൊഴി നൽകിയത്.

# മെസിയുടെ പേരിൽ നികുതി വെട്ടിപ്പ്; ആർബിസിക്ക് ജിഎസ്ടിയുടെ 'പെനാൽറ്റി ഗോൾ'

തിരുവനന്തപുരം: മെസിയെ കേരളത്തിൽ എത്തിക്കുമെന്ന് പറഞ്ഞ് തട്ടിപ്പ് നടത്തിയ കേസിൽ റിപ്പോർട്ടർ കമ്പനിക്ക് കുരുക്ക് മുറുകുന്നു. നികുതിയും പലിശയും പിഴയും ഉൾപ്പെടെ 56.32 കോടി രൂപ അടയ്ക്കണമെന്ന് ജിഎസ്ടി വകുപ്പ് വ്യക്തമാക്കി. നികുതി ഇനത്തിൽ 25.78 കോടി രൂപയും, പലിശയായി 4.76 കോടി രൂപയും, നികുതി വെട്ടിപ്പിന് 100 ശതമാനം പിഴയായി 25.78 കോടി രൂപയുമാണ് ഈടാക്കുന്നത്. ബാധ്യത വ്യക്തമാക്കിക്കൊണ്ട് ആർബിസിക്ക് ഉടൻ നോട്ടീസ് നൽകാനാണ് ജിഎസ്ടി വകുപ്പിൻറെ നീക്കം. സെപ്റ്റംബർ 21 വരെയുള്ള കണക്കിൻറെ അടിസ്ഥാനത്തിലാണ്പലിശയും പിഴയും നിർണയിച്ചിരിക്കുന്നത്. മെസിയുടെ പേരിലെ സാമ്പത്തിക ഇടപാടുകളിൽ നികുതി വിവരങ്ങൾ മറച്ചുവെച്ചതായി കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. നികുതി വിവരങ്ങൾ മറച്ചുവെച്ചതിന് പിഴ ചുമത്തണമെന്ന് പ്രത്യേക അന്വേഷണ സംഘം നേരത്തെ ശിപാർശ ചെയ്തിരുന്നു. നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് പിന്നാലെയാണ് റിപ്പോർട്ടർ കമ്പനിക്കെതിരെ ജിഎസ്ടി വകുപ്പ് നടപടിയിലേക്ക് കടക്കുന്നത്.

# മുഖ്യമന്ത്രിയുടെ യാത്രകൾ അങ്ങേയറ്റം ദുരൂഹം: പി. രാജീവ്

കൊച്ചി: യുഡിഎഫ് സർക്കാരിലെ മന്ത്രിമാരുടെ യാത്രാ വിവാദത്തിൽ രൂക്ഷവിമർശനവുമായി സിപിഎം കേന്ദ്രകമ്മിറ്റിയംഗം പി. രാജീവ്. ചാർട്ടേഡ് വിമാനയാത്രയുടെ സ്പോൺസർ ആരെന്ന് മുഖ്യമന്ത്രി മറച്ചുവയ്ക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രിയുടെ യാത്രകൾ അങ്ങേയറ്റം ദുരൂഹമാണ്. മന്ത്രിമാരുടേത് ഇരിക്കുന്ന സ്ഥാനം മറന്നുള്ള പ്രസ്താവനകളാണ്. നേരത്തെ മംഗലാപുരം യാത്രയും ആര് സ്പോൺസർ ചെയ്തെന്നത് മുഖ്യമന്ത്രി മറച്ചുവച്ചെന്ന് പി. രാജീവ് ആരോപിച്ചു. ഇത് ജനങ്ങളുടെ സർക്കാർ അല്ല. മുതലാളിമാരുടെ സർക്കാരാണ്. വൈദ്യുതി ഇല്ലാതെ നാട്ടുകാർ ബുദ്ധിമുട്ടുമ്പോൾ സ്വകാര്യ നിമിഷങ്ങൾ ആസ്വദിക്കേണ്ടതില്ലേയെന്ന് പറയുന്ന നീറോ ചക്രവർത്തിമാരാണ് കേരളം ഭരിക്കുന്നതെന്നും പി.രാജീവ് കൂട്ടിച്ചേർത്തു.

# ആശുപത്രിയിൽ തീപിടിത്തം; എസി പൊട്ടിത്തെറിച്ച് രണ്ട് നവജാത ശിശുക്കൾ മരിച്ചു

ഹൈദരാബാദ്: തെലുങ്കാനയിലെ ആദിലാബാദിലുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആശുപത്രിയിൽ ഉണ്ടായ തീപിടിത്തത്തിൽ രണ്ട് നവജാത ശിശുക്കൾ മരിച്ചു. തിങ്കളാഴ്ച രാത്രി 11:50 ന് ആശുപത്രിയിലെ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിലാണ് തീപിടിത്തമുണ്ടായത്. എസിയിലുണ്ടായ ഷോർട്ട് സർക്യൂട്ടിനെത്തുടർന്നാണ് തീപിടിത്തമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. എൻഐസിയുവിലുണ്ടായിരുന്ന 28 കുട്ടികളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിയെന്ന് അധികൃതർ അറിയിച്ചു. വിവരമറിഞ്ഞയുടൻ ഫയർഫോഴ്സ് സ്ഥലത്തെത്തി തീയണച്ചു. സംഭവത്തിൽ പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി അനുശോചനം അറിയിച്ചു. മരിച്ച കുട്ടികളുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുമെന്ന് അദ്ദേഹം അറിയിച്ചു. പരുക്കേറ്റവരുടെ ചികിത്സാ ചെലവുകൾ വഹിക്കാനും മികച്ച ചികിത്സ ഉറപ്പുവരുത്താനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി. ആശുപത്രികളിലെ വൈദ്യുതി സംവിധാനങ്ങൾ പരിശോധിക്കാനും അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്.

# യുവതിയെ പെട്രോളൊഴിച്ച് കത്തിച്ചു; പ്രതി അറസ്റ്റിൽ

ചെന്നൈ: തമിഴ്നാട്ടിലെ തിരുവള്ളൂർ പൊന്നേരി സർക്കാർ ആശുപത്രിയിലെ ജീവനക്കാരിയെ പെട്രോളൊഴിച്ച് തീകൊളുത്തിയ പ്രതിയെ പൊലിസ് വെടിവച്ചു വീഴ്ത്തി. ഒളിവിൽ കഴിയുകയായിരുന്ന പ്രതിയെ പിടികൂടാൻ ശ്രമിക്കുന്നതിനിടെയാണ് പൊലിസിന് നേരെ ആക്രമണമുണ്ടായതും തുടർന്ന് പ്രതിയുടെ കാലിന് വച്ചതും. പ്രകാശ് (35) എന്ന യുവാവാണ് പൊലിസിൻറെ പിടിയിലായത്. പൊന്നേരി സർക്കാർ ആശുപത്രിയിലെ എമർജൻസി വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി ചെയ്യുന്ന രാജേശ്വരിക്ക് (24) നേരെയാണ് ആക്രമണമുണ്ടായത്.

തിങ്കളാഴ്ച വൈകിട്ട് 7:15 ന് ജോലി കഴിഞ്ഞ് പുറത്തിറങ്ങിയ രാജേശ്വരിയുടെ സമീപത്തെത്തിയ പ്രകാശ്, കൈവശം കരുതിയിരുന്ന പ്ലാസ്റ്റിക് കുപ്പിയിലെ പെട്രോൾ യുവതിയുടെ ശരീരത്തിൽ ഒഴിച്ച് തീകൊളുത്തുകയായിരുന്നു. തീ ആളിപ്പടർന്നതിനെ തുടർന്ന് രാജേശ്വരി നിലവിളിക്കുകയും ആശുപത്രി ജീവനക്കാരും നാട്ടുകാരും ചേർന്ന് തീയണച്ച് ഉടൻ തന്നെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു. മുഖത്തും നെഞ്ചിലും ശരീരത്തിൻറെ മറ്റ് ഭാഗങ്ങളിലും ഗുരുതരമായി പൊള്ളലേറ്റ രാജേശ്വരി നിലവിൽ ചികിത്സയിലാണ്.

ആക്രമണത്തിന് ശേഷം ഒളിവിൽ പോയ പ്രതിക്കായി നടത്തിയ തെരച്ചിലിനൊടുവിലാണ് മാധവാരത്തിന് സമീപം ഇയാളെ പൊലിസ് വളഞ്ഞത്. പ്രതിയെ പിടികൂടാൻ ശ്രമിച്ച പൊലിസ് ഉദ്യോഗസ്ഥനെ ആക്രമിക്കാൻ ശ്രമിച്ചപ്പോഴാണ് അദ്ദേഹം വെടിയുതിർത്തത്. പരിക്കേറ്റ പ്രതിയെ പൊലിസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വ്യക്തിപരമായ വൈരാഗ്യമാണോ അതോ മറ്റെന്തെങ്കിലും കാരണമാണോ ആക്രമണത്തിന് പിന്നിലെന്ന് പൊലിസ് അന്വേഷിച്ചു വരികയാണ്.

# ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ആരംഭിക്കുന്ന ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദുകൃഷ്ണ നിർവഹിക്കും. നാളെ (സെപ്റ്റംബർ 23) ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് തിരുവനന്തപുരം വാൻറോസ് ജങ്ഷനിൽ പുതുതായി നിർമിച്ച ഗിഗ് വിശ്രമകേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ അധ്യക്ഷത വഹിക്കും ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ വിശിഷ്ടാതിഥിയാകും. ഡോ. ശശി തരൂർ എം.പി, തിരുവനന്തപുരം മേയർ ഡോ. വി വി രാജേഷ് എന്നിവർ മുഖ്യാതിഥികളാകുന്ന ചടങ്ങിൽ വാർഡ് കൗൺസിലർ സി ഹരികുമാർ, തൊഴിൽ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, ലേബർ കമ്മീഷണർ സഫ്ന നസറുദീൻ, അഡീഷണൽ ലേബർ കമ്മീഷണർ ബിച്ചു ബാലൻ എന്നിവർ സംബന്ധിക്കും. ഇതോടനുബന്ധിച്ച് കോഴിക്കോട്, എറണാകുളം ഗിഗ് വിശ്രമ കേന്ദ്രങ്ങളുടെ ഉദ്ഘാടനവും നടക്കും.

ഓൺലൈൻ ഭക്ഷ്യവിതരണം, ഇ-കൊമേഴ്സ്, റൈഡ്-ഹെയിലിംഗ് തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗിഗ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ സുരക്ഷിതമായ വിശ്രമസൗകര്യവും അടിസ്ഥാന ക്ഷേമസൗകര്യങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. കസേരകൾ, ശുചിമുറി, വൈ ഫൈ, ചാർജിങ് സൗകര്യങ്ങൾ എന്നിവ ഇതിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ആദ്യഘട്ടത്തിൽ വിശ്രമകേന്ദ്രങ്ങൾ നിർമിച്ചത്. കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ജീവനക്കാരെയും തൊഴിൽ വകുപ്പ് നിയോഗിച്ചിട്ടുണ്ട്. രാവിലെ എട്ട് മുതൽ ഉച്ച തിരിഞ്ഞ് മൂന്ന് വരെയും, മൂന്ന് മുതൽ രാത്രി 10 വരെയുമുള്ള രണ്ട് ഷിഫ്റ്റുകളിലായാണ് വിശ്രമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ ഷിഫ്റ്റിലും രണ്ടു ജീവനക്കാർ വീതമുണ്ടാകും.

# വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിഭജനം പൂർണമായി ഒഴിവാക്കുമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ

ഗ്രാമീണ-നഗര വ്യത്യാസമില്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിഭജനം (ഡിജിറ്റൽ ഡിവൈഡ്) പൂർണമായും ഒഴിവാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീൻ പറഞ്ഞു. ഇതിന്റെ ഭാഗമായി കൈറ്റിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. തിരുവനന്തപുരം ജഗതി ഗവ. ബധിര വിദ്യാലയത്തിൽ സോഫ്റ്റ്വെയർ സ്വതന്ത്ര്യ ദിനാചരണവും സ്കൂൾ വിക്കിത്തോൺ പൂർത്തീകരണ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി.



സോഫ്റ്റ്വെയർ സ്വതന്ത്ര്യ ദിനാചരണവും സ്കൂൾ വിക്കിത്തോൺ പൂർത്തീകരണ പ്രഖ്യാപനവും മന്ത്രി എൻ ഷംസുദ്ദീൻ നിർവഹിക്കുന്നു

വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനം എല്ലാവരിലേക്കും ഒരുപോലെ എത്തിക്കും. അറിവ് നേടാനും വികസിപ്പിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതിക വിദ്യകളിൽ വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിനും പാഠ്യപദ്ധതിക്കൊപ്പം സാങ്കേതിക വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി കൈറ്റ് പൂർത്തിയാക്കിയ സ്കൂൾ വിക്കിത്തോൺ ശ്രദ്ധേയമായ നേട്ടമാണെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ 12291 വിദ്യാലയങ്ങളുടെ ചരിത്രം, നാൾവഴികൾ, പഠിച്ചിറങ്ങിയ പ്രമുഖ വ്യക്തികളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ ഡിജിറ്റൽ ഡാറ്റാ ശേഖരണമാണ് പദ്ധതിയിലൂടെ സാധ്യമായത്. പദ്ധതി വിജയകരമായി പൂർത്തിയാക്കിയ കൈറ്റിനെ മന്ത്രി അഭിനന്ദിച്ചു.ഡിജിറ്റൽ സ്കായർ, തീരദേശ-ആദിവാസി മേഖലകളിലെ കുട്ടികളുടെ സ്കൂൾ ഡ്രോപ്പ്ഔട്ട് തടയുന്നതിനുള്ള പദ്ധതികൾ, കായികമിത്രം, എറൈസ്, അക്വാഫിറ്റ്, അധ്യാപകരുടെ സർവീസ് പ്രശ്നങ്ങൾ പരിഹരിക്കുന്ന 'റിസോൾവ്' അദാലത്ത് തുടങ്ങിയവയും നൂറ് ദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. സ്വതന്ത്ര്യ സോഫ്റ്റ്വെയർ ബോധവൽക്കരണത്തിന്റെ മൊഡ്യൂൾ മന്ത്രി പ്രകാശനം ചെയ്തു. ചടങ്ങിൽ നേരിട്ടും സംസ്ഥാനത്തെ 13 ജില്ലകളിൽ നിന്ന് ഓൺലൈനായും അധ്യാപകരും വിദ്യാർഥികളും ഉൾപ്പെടെ നിരവധി പേർ പങ്കെടുത്തു. സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ പ്രസക്തിയെപ്പറ്റി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. അച്യുത്ശങ്കർ എസ് നായർ പ്രഭാഷണം നടത്തി. എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. കെ കെ മഷൂദ്, കൈറ്റ് സിഇഒ കെ അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.